ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണം

34 [3439] ശ്രീ. ടി. എച്ച്. മുസ്തഫ:
„ കെ. സി. ജോസഫ്:
„ കെ. എ. ചന്ദ്രൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റയോൺസ് പുനരുദ്ധരിക്കുന്നതിന് ആരെങ്കിലും തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ ആരെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം പുനരുദ്ധാരണം ചെയ്യുന്നതിന് വന്നിട്ടുള്ളവർ എന്തെങ്കിലും വ്യവസ്ഥ വച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) ഇതിന്റെ പുനരുദ്ധാരണം സംബന്ധിച്ച് ബി. ഐ. എഫ്. ആർ.-ന്റെ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡയനോസർ ഇൻഡസ്ട്രീസ് ലിമിറ്റഡ് ആണ് പുനരുദ്ധാരണ പദ്ധതിയുമായി മുന്നോട്ട് വന്നിട്ടുള്ളത്.

(ബി) പ്രസ്തുത സ്ഥാപനം സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പദ്ധതി മന്ത്രി സഭയുടെ പരിഗണനയിലാണ്. ഇലക്ട്രിസിറ്റി കൺസഷൻ, വിൽപ്പന നികുതി കൺസഷൻ, ഇവയുടെ മുൻകാലങ്ങളിലെ ബാദ്ധ്യതകളിൽ ഇളവ്, അസംസ്കൃത വസ്തുവിന്റെ ലഭ്യതയിൽ ഉറപ്പ്, സ്ഥലത്തിന്റെ ദീർഘകാലപാട്ടം തുടങ്ങിയവയാണ് പ്രധാനമായി ആവശ്യപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ.

(സി) ബി. ഐ. എഫ്. ആർ. നിശ്ചയിച്ച തീയതിക്ക് മുൻപായി പുനരുദ്ധാരണ പദ്ധതികളൊന്നും ലഭിക്കാതിരുന്നതിനാൽ സ്ഥാപനം അടച്ചു പൂട്ടുവാനുള്ള ശുപാർശ ബി. ഐ. എഫ്. ആറും എം. ഐ. എഫ്. ആറും തീരുമാനിച്ച് ഹൈക്കോടതിക്ക് അയയ്ക്കുകയാണ് ഉണ്ടായത്.

കെൽട്രോൺ കോംപണന്റ് കോംപ്ലക്സിന്റെ സ്വകാര്യവൽക്കരണം

35 [3440] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന കെൽട്രോൺ കോംപണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്ന സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നതിനെ കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെൽട്രോണിന്റെ ഒരു സബ്സിഡിയറി യൂണിറ്റും, ലാഭകര മായി പ്രവർത്തിക്കുന്നതും, അന്താരാഷ്ട്ര ഗുണമേൻമാ സർട്ടിഫിക്കറ്റായ ഐ. എസ്. ഒ.

LIBRARY ARCHIVES Kerala Legislative Assembly